## കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - വിദ്യാരംഗം കലാസാഹിത്യ വേദി - പരിഷ്കരിച്ച മാനുവലും ലോഗോയും അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(സാധാ) നം. 1586/2015/പൊ.വി.വ തീയതി, തിരുവനന്തപുരം 27/04/2015

---

പരാമർശം: പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23/2/2015 ലെ വി.ആർ/49278/2014 /ഡി.പി.ഐ നം.കത്ത്

**ഉത്തരവ്**

1998 മുതൽ എല്ലാ വിദ്യാലയങ്ങളിലും പ്രവർത്തിച്ചുവരുന്ന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കലാസാഹിത്യ വിഭാഗമായ വിദ്യാരംഗം കലാസാഹിത്യ വേദിയുടെ പരിഷ്കരിച്ച മാനുവലും ലോഗോയും 2015-16 അദ്ധ്യയനവർഷം മുതൽ നടപ്പിലാക്കണം എന്ന് പരാമർശപ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭ്യാർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശിൽപശാലയുടെയും സൂക്ഷ്മപരിശോധനാ വർക്ക് ഷോപ്പുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കി, ക്യൂ.ഐ.പി മോണിറ്ററിംഗ് കമ്മിറ്റി അംഗീകാരം നൽകിക്കഴിഞ്ഞ വിദ്യാരംഗം കലാസാഹിത്യ വേദിയുടെ പരിഷ്കരിച്ച മാനുവലും ലോഗോയും 2015-16 അദ്ധ്യയനവർഷം മുതൽ നടപ്പിലാക്കുന്നതിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജി. തുളസീധരൻ പിള്ള,
അണ്ടർ സെക്രട്ടറി.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.